15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4020 **27-10-2021 - ൽ മറുപടിയ്ക്ക്**

റോഡിനായി പൊതുജനങ്ങൾ ഭൂമി വിട്ടുനൽകൽ

ചോദ്യം		ഉത്തരം	
ശ്രീ. എൻ.കെ. അക്കർ		Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)	
(എ)	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾക്കായി പൊതുജനങ്ങൾ ഭൂമി സ്വമേധയാ വിട്ടുതരുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കാമോ;	(എ)	2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ , 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവ പ്രകാരമാണ് ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിക്കുന്നത്. ആയത്, തൽസമയം പ്രാബല്യത്തിലുള്ള ഭൂമി വിലയ്ക്കെടുക്കൽ ആക്ടും അതിനുകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളും പ്രകാരമോ അല്ലെങ്കിൽ സ്വകാര്യ വിലയ്ക്കുവാങ്ങൽ മുഖാന്തിരമോ അല്ലെങ്കിൽ സൗജന്യ വിട്ടുകൊടുക്കൽ മുഖാന്തിരമോ ആകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ പൂർത്തീകരിച്ച് ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തതിന് ശേഷം ബന്ധപ്പെട്ട രേഖകൾ സഹിതം വില്ലേജ് രേഖകളിൽ മാറ്റം വരുത്തുന്നതിന് താലൂക്ക് (എൽ.ആർ) തഹസിൽദാർക്ക് അപേക്ഷ നൽകേണ്ടതാണ്.
(ബി)	1958-ലെ കേരള ഭൂമി വിട്ടൊഴിയൽ ചട്ട പ്രകാരം ഭൂമി വിട്ടൊഴിഞ്ഞ് നൽകുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;	(ബി)	ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(സി)	പഞ്ചായത്തുകൾ/നഗരസഭകളിൽ റോഡിന്റെ വികസനത്തിന് ഭൂമി വിട്ടൊഴിഞ്ഞ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് പരിഗണിക്കുമോ?	(സി)	പുതിയ നടപടിക്രമങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ 30.01.2020 ലെ GO(P) No.09/2020/TD, 30.01.2020 ലെ GO(P) No.10/2020/TD എന്നീ ഉത്തരവുകൾ പ്രകാരം ഭൂമി ആർജ്ജിക്കുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ